ക്രമപ്രശ്നം

പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യുകയാണ്. "Rule 303 (1) A point of order shall relate to the interpretation or enforcement of these rules or such Articles of the Constitution as regulate the business of the Assembly, and shall raise a question which is within the cognizance of the Speaker." Rule 303(2)-ലെ പ്രൊവൈസോ, "Provided that the Speaker may permit a member to raise a point of order during the interval between the termination of one item of business and the commencement of another if it relates to maintenance of order in, or arrangement of business before the Assembly." കോൺസ്റ്റിറ്റ്യൂഷന് എതിരാണെങ്കിലും റൂൾസ് ഓഫ് പ്രൊസീഡുവറിന് എതിരാണെങ്കിലുമൊക്കെ പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യാം. അതിനാണ് റൂൾ 303. പക്ഷേ പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യേണ്ടത്, ഇപ്പോൾ ഒരാൾ പ്രസംഗിക്കുമ്പോൾ ഒരു ചോദ്യം ചോദിക്കാൻ ഞാൻ എഴുന്നേൽക്കുന്നു. അപ്പോൾ അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ ഉടനെ പോയിന്റ് ഓഫ് ഓർഡറാണ്.

മി. സ്പീക്കർ: യെസ്.....യെസ്..... അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത് കറക്ടായിട്ടുള്ള കാര്യമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അതൊരിക്കലും ശരിയല്ല. ഇത് റൂൾ 303-ന്റെ വയലേഷനാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം റൂൾ പറഞ്ഞുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യാം. ഈ സഭയുടെ സമയം അധികം പോകുന്നത് ഈ രൂപത്തിലുള്ള പ്രവർത്തനം കൊണ്ടാണ്. അതുകൊണ്ട് ഇത് സ്ട്രിക്റ്റായി എൻഫോഴ്സ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് അങ്ങയുടെ റൂളിംഗ് ആവശ്യമാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, വളരെ പ്രസക്തമായ ഒരു ചട്ടമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇവിടെ ദിവസവും ഇതിന്റെ ഭാഗമായിട്ടാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അത് ഗൗരവത്തിൽ കാണണം. അതിനോട് പൂർണ്ണമായും യോജിക്കുകയാണ്, അത് ഇന്നുതന്നെ നടപ്പിലാക്കുന്നത് നന്നായിരിക്കും.

ശ്രീ. പി. സി. ജോർജ്: സർ, ഇത് അങ്ങയുടെ റൂളിംഗ് കൊണ്ട് മാത്രമായില്ല. സഭയിൽ ഇരിക്കുന്ന അംഗങ്ങൾ ആ മര്യാദ പ്രകടിപ്പിക്കണമെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഇവിടെ റൂൾ അനുസരിച്ച് പറഞ്ഞിട്ടുള്ള കാര്യം ശരിയാണ്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബിസിനസ്സ് കഴിഞ്ഞ് അടുത്ത ബിസിനസ്സിൽ കടക്കുന്നതിനുമുമ്പ് മാത്രമേ പാടുള്ളൂ. പക്ഷേ ഈ സഭയിലെ പ്രവണത യഥാർത്ഥ റൂളൊന്നുമില്ലാതെ ഇന്റർപ്ഷനുവേണ്ടി അനാവശ്യമായി പോയിന്റ് ഓഫ് ഓർഡർ ഉദ്ധരിക്കുന്നു എന്നുള്ളതാണ്. അത് അനുവദിക്കാൻ പാടില്ല. പക്ഷേ ഇവിടെ പോയിന്റ് ഓഫ് ഓർഡറിന് ആധാരമായിട്ടുള്ള വിഷയം എപ്പോഴാണോ പ്രസംഗത്തിൽ വരുന്നത്, ആ സമയം ഉന്നയിക്കാൻ അനുവദിക്കുക എന്നുള്ളതാണ് കീഴ്വഴക്കം. അതുകൂടി അംഗീകരിച്ചുകൊണ്ടു മാത്രമേ റൂളിംഗ് നൽകാൻ പാടുള്ളൂ എന്ന കാര്യം ഉന്നയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ച പ്രശ്നം 100 ശതമാനവും ശരിയാണ്. അതിനോട് യോജിക്കുന്നതോടൊപ്പം തന്നെ ഡിബേറ്റിൽ ഇന്റർവീൻ ചെയ്യാനുള്ള ഒരു മാർഗ്ഗമായി ഇപ്പോൾ പോയിന്റ് ഓഫ് ഓർഡർ മാറുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതാണ്. അതിനൊരു പരിഹാരമാർഗ്ഗം മറ്റൊന്നുമില്ല. തീർച്ചയായും അത് ഉന്നയിക്കുമ്പോൾ തന്നെ ഏത് റൂൾ അല്ലെങ്കിൽ ഏത് ചട്ടമനുസരിച്ചാണെന്നുള്ളത് സ്പെസിഫിക് ആയി ഉന്നയിക്കാൻ അനുവദിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. റൂൾ 303 അനുസരിച്ച് എന്ന് പറയുന്നതുകൊണ്ടായില്ല. Defamatory statement-ന്റെ കാര്യമാണോ അല്ലെങ്കിൽ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷന്റെ വയലേഷനാണോ ഏതാണെന്നുള്ള സ്പെസിഫിക്ക് റൂൾ കോട്ട് ചെയ്തതിനുശേഷം ഇത് അനുവദിക്കാനുള്ള അവസരം കൊടുത്തുകഴിഞ്ഞാൽ ഇത്തരത്തിലുള്ള ഇൻഫ്ളുവൻസ് ഒഴിവാക്കാൻ കഴിയും.

ശ്രീ. കെ. എം. മാണി: സർ, കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഞാൻ പ്രസംഗിച്ചപ്പോഴൊക്കെ ഇങ്ങനെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് എന്റെ സമയം പോയി. ഈ പോയിന്റ് ഓഫ് ഓർഡർ വളരെ മുമ്പേ വന്നിരുന്നുവെങ്കിൽ എത്രയോ നന്നായിരുന്നു.

ശ്രീ. എൻ. അനിരുദ്ധൻ: സർ, ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രസ്താവനയോട് ഞാനും യോജിക്കുകയാണ്. പക്ഷേ ഒരു കാര്യമുണ്ട്, സ്പീക്കർക്ക് ഒരു ഡിസ്ക്രീഷനുണ്ട്. പോയിന്റ്ഓഫ് ഓർഡർ എപ്പോൾ ഉന്നയിക്കണം, എപ്പോൾ ഉന്നയിക്കണ്ട എന്നുപറയാനുള്ള ഡിസ്ക്രീഷനറി പവർ സ്പീക്കർ സറണ്ടർ ചെയ്യാൻ പാടില്ല.

ശ്രീ. രാജു എബ്രഹാം: സർ, റൂൾ 303 പ്രകാരം ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് ഏറ്റവും പ്രസക്തമായിട്ടുള്ള ഒരു വസ്തുതയാണെങ്കിലും നമ്മുടെ സഭയുടെ കീഴ്വഴക്കമനുസരിച്ച് പ്രത്യേകിച്ച് defamatory ആയി വാക്കുകൾ ഉയർന്നുവരുമ്പോൾ ചിലപ്പോൾ ഈ റൂൾ 303 അല്ലെങ്കിൽ റൂൾ 307 ആണെങ്കിൽപ്പോലും നമുക്ക് അത് ക്രമപ്രശ്നമെന്ന നിലയിലല്ല ഉന്നയിക്കുക. അത് പോയിന്റ് ഓഫ് ഓർഡർ എന്ന നിലയിൽ തന്നെയാണ് നമ്മൾ ആ സന്ദർഭത്തിലും ഉപയോഗിക്കുന്നത്. അപ്പോൾ സ്വാഭാവികമായും

LIBRARY ARCHIVES Kerala Legislative Assembly

അസംബ്ലി ആ സമയത്ത് നിർത്തിവയ്ക്കേണ്ടതായി വരും. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു ഡിസ്ക്രീഷനും അംഗങ്ങളുടെ മാന്യമായിട്ടുള്ള പെരുമാറ്റവും ഇക്കാര്യത്തിൽ പ്രസക്തമാണെന്ന് ഉറപ്പുവരുത്തണം. ആ നിലയിലാണ് നമ്മൾ പോകേണ്ടത്.

ശ്രീ. കെ. കെ. ഷാജു: സർ, ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് പറഞ്ഞത് ക്രമപ്രശ്നത്തിൽ ശരിതന്നെയാണ്. ചട്ടത്തിൽ അങ്ങനെയാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഒരു അംഗം ഇവിടെ പ്രസംഗിച്ചുകൊണ്ട് നിൽക്കുമ്പോൾ മറ്റുള്ളവർ തടസ്സപ്പെടുത്തുന്നത് ഏത് മാർഗ്ഗത്തിൽ കണക്കാക്കും. പ്രസംഗം ഏറ്റവും കൂടുതൽ തടസ്സപ്പെട്ടിട്ടുള്ള ഒരാളാണ് ഞാൻ. അതുകൊണ്ടാണ് ചോദിക്കുന്നത്. ഒരംഗം ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസംഗം തടസ്സപ്പെടുത്തുന്നത് ഏത് മാർഗ്ഗത്തിൽപ്പെടുത്തും?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു റൂൾ നിലവിലിരിക്കുമ്പോൾ കീഴ്വഴക്കം എടുക്കില്ല. കീഴ്വഴക്കമല്ല ഇത് റൂൾ ആണ്. റൂൾ ഇല്ലാത്തതിനാണ് കീഴ്വഴക്കം. റൂൾ 307 അനുസരിച്ച് ശ്രീ. രാജു എബ്രഹാം പറഞ്ഞത് ശരിയാണ്. അത് ഉന്നയിക്കാം, ഒരു ബില്ലിന്റെ ചർച്ച അവസാനിച്ച് അടുത്തതിലേക്ക് കടക്കുന്നതിന് മുൻപ് റൂൾ 307 എന്ന് പറഞ്ഞുകൊണ്ടോ, റൂൾ 146 പറഞ്ഞുകൊണ്ടോ, റൂൾ 284 പറഞ്ഞോ നമുക്ക് ഉന്നയിക്കാം. അത് ഒരു ബില്ല് കഴിഞ്ഞിട്ടാണ്, അതിനിടയിലല്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് അതേപടി നടപ്പിലാക്കുകയാണെങ്കിൽ സഭയുടെ ചടുലതയും ആത്മാവും നഷ്ടപ്പെടുന്ന അവസ്ഥ വരും. ഞാനൊരു പുതിയ അംഗമാണ്. അങ്ങയെപ്പോലെ അനുഭവങ്ങളില്ല, പക്ഷേ അങ്ങയുടെ പ്രസംഗങ്ങളും മറ്റു പ്രസംഗങ്ങളും ബഹുമാനപ്പെട്ട മാണിസാറിന്റേയും പ്രസംഗങ്ങളും ഒന്നുപോലും മിസ്സാവാതെ കേൾക്കുന്ന, കേൾക്കാൻ ശ്രമിക്കുന്ന ഒരാളാണ്. നിങ്ങളിൽ നിന്നൊക്കെ പഠിക്കാൻ ശ്രമിക്കുന്നവരാണ് ഞങ്ങളെല്ലാം, എന്റെ ചെറിയ അനുഭവത്തിൽ നിന്ന് പറയുകയാണ്; ഇവിടെ ശ്രീ. എം. പ്രകാശൻ മാസ്റ്റർ പറഞ്ഞതും ബഹുമാനപ്പെട്ട മന്ത്രി എൻ. കെ. പ്രേമചന്ദ്രൻ പറഞ്ഞതുമാണ് പരിഗണിക്കുന്നതെങ്കിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്ന സമയത്ത് അതിന്റെ പ്രസക്തമായിട്ടുള്ള വകുപ്പുകൾ ഉന്നയിച്ചുകൊണ്ട്, എന്തിനാണ് അത് ഉന്നയിച്ചത് എന്നും, വെറുതെ പ്രസംഗം തടസ്സപ്പെടുത്താൻ വേണ്ടി ഉന്നയിക്കുന്നതുപോലെയുള്ളത് പൂർണ്ണമായിട്ട് നിരോധിക്കുകയും എന്നാൽ appropriate intervention സാധ്യമാകുന്ന നിലയിൽ അതുവഴി സഭയുടെ ചലനാത്മകത, സജീവത, ജീവൻ നിലനിർത്തുന്നതിന് സഹായകരമായ ഒരു നിലപാടുമാത്രമേ ഉണ്ടാകൂ എന്നുമാണ് പറയേണ്ടത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇടപെടലുകൾ മാത്രമല്ല സഭയിൽ ഒരു അംഗം പ്രസംഗിക്കേണ്ട സാമാന്യ

LIBRARY ARCHIVES Kerala Legislative Assembly

മര്യാദകൾ എന്തായിരിക്കണം അതിന്റെ നിബന്ധനകൾ എന്തായിരിക്കണം എന്നതിനൊക്കെ വ്യക്തമായ ചട്ടമുണ്ട്. ആ ചട്ടത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സഭാംഗങ്ങൾ പ്രസംഗിക്കുന്ന സാഹചര്യം കൂടി സൃഷ്ടിക്കപ്പെടാൻ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണം.

മി. സ്പീക്കർ: ചട്ടത്തിലുള്ള കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ചർച്ച നടത്തുന്നത് നല്ലതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, റൂൾ 303-ഉം റൂൾ 307-ഉം രണ്ടും രണ്ടായി കാണണം. രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടത് സംബന്ധിച്ചാണ് റൂൾ 307-ൽ പറയുന്നത്. ഒരു വിഷയം കഴിയുന്നതുവരെ അത് ഉന്നയിക്കാൻ മെമ്പർക്ക് അധികാരമുണ്ട്. പക്ഷേ റൂൾ 303 എന്ന് പറയുന്നത് ആ വിഷയം കഴിഞ്ഞതിന് ശേഷം മാത്രമേ ഉന്നയിക്കാവൂ. രണ്ടും രണ്ടായി കണ്ടില്ലെങ്കിൽ ഈ പറയുന്ന ചടുലതയെല്ലാം നഷ്ടപ്പെടും.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ ഒരു അനുഭവം, പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ മുതൽ പോയിന്റ് ഓഫ് ഓർഡർ വിളിച്ച് പ്രസംഗിക്കാൻ അനുവദിക്കാറില്ല, ബഹളമാണ്. അതിനുള്ള നടപടിയെന്താണ് എന്നുകൂടി അങ്ങയുടെ റൂളിംഗിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: റൂൾ ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് ചെയർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വ്യത്യസ്തങ്ങളായ ചർച്ചകൾ നടന്നിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് ഏറ്റവും റെലവന്റ് ആയിട്ടുള്ള റൂൾ ആണ് ഇവിടെ സൂചിപ്പിച്ചത്. അംഗങ്ങൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പ്രസംഗത്തിന് വഴങ്ങാതെ വരുമ്പോഴാണ് പലപ്പോഴും പോന്റ് ഓഫ് ഓർഡർ ഉന്നയിച്ച് പ്രസംഗം തടസ്സപ്പെടുത്തുന്നത്. ആ തടസ്സപ്പെടുത്തൽ ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഈ പോയിന്റ് ഇവിടെ റെയ്സ് ചെയ്തിരിക്കുന്നത്. തീർച്ചയായും ഗൗരവത്തോടുകൂടി എല്ലാ അംഗങ്ങളും ഇതിനെ കാണണം. പരമാവധി റൂളിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രമിക്കണം എന്നാണ് ഇപ്പോൾ പറയാനുള്ളത്. ഇന്ന് ബി.എ.സി. യോഗമുണ്ട് അതിൽ കക്ഷി നേതാക്കളുമായികൂടി ഇക്കാര്യം ചർച്ച ചെയ്തതിന് ശേഷം ചെയർ ഇതു സംബന്ധിച്ച് റൂൾ ചെയ്യുന്നതാണ്.

VI നിയമനിർമ്മാണകാര്യം

2010-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2010-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly